തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 395/എ1/2022/അഡ്മിൻ. 11.10.2022

# വിജ്ഞാപനം

വിഷയം:- പൊതുസഭയിൽ അംഗങ്ങളായ വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ നിർവാഹക സമിതിയിലേക്ക് അംഗത്തെ തിരഞ്ഞെടുത്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിയമം അദ്ധ്യായം III വകുപ്പ് 13 (ബി) പ്രകാരം പൊതുസഭയിൽ അംഗങ്ങളായ വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ നിർവാഹകസമിതിയിലേക്ക് അംഗത്തെ തിരഞ്ഞെടുക്കുന്നതിനായി 20.09.2022 ന് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തിരഞ്ഞെടുപ്പിനായി തയ്യാറാക്കിയ അന്തിമ വോട്ടർപട്ടികയിൽ ക്രമ നമ്പർ 4 ആയ എം.എ. വികസന പഠന സ്കൂളിലെ വിദ്യാർത്ഥിയായ ശ്രീ ആശിഷ് സുകു തിരഞ്ഞെടുപ്പു വിജ്ഞാപന പ്രകാരം നാമനിർദ്ദേശപത്രിക സമർപ്പിക്കുകയും അദ്ദേഹത്തിന്റെ നാമനിർദ്ദേശ പത്രിക സ്വീകരിക്കുകയും തുടർന്ന് 07.10.2022 ന് അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. അന്തിമ സ്ഥാനാർത്ഥി പട്ടികയിൽ മറ്റു സ്ഥാനാർത്ഥികൾ ഇല്ലാത്തതിനാൽ തിരഞ്ഞെടുപ്പ് ആവശ്യമായി വരാത്ത സാഹചര്യത്തിൽ വികസനപഠന സ്കൂളിലെ എം.എ. ഒന്നാം വർഷ വിദ്യാർത്ഥി ശ്രീ ആശിഷ് സുകുവിനെ നിർവാഹകസമിതിയിലെ വിദ്യാർത്ഥി പ്രതിനിധിയായി എതിരില്ലാതെ തിരഞ്ഞെടുത്ത് 10.10.2022 ന് ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്.

ആയതിനാൽ വികസനപഠന സ്കൂൾ എം.എ. ഒന്നാം വർഷ വിദ്യാർത്ഥി ശ്രീ ആശിഷ് സുകുവിനെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിർവാഹകസമിതിയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുത്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധി 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല ആക്റ്റിലും, ആക്റ്റ് പ്രകാരം നിർമിതമായ 2019 ലെ സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരം നിർവാഹകസമിതിയിലെ അംഗമായി സ്ഥാനം വഹിക്കുന്നതാണ്.

വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല തിരൂർ മലപ്പുറം

ഡോ. റെജിമോൻ പി.എം.
രജിസ്ട്രാർ ഇൻ ചാർജ്